

THURSDAY 13.06.2024 വ്യാഴാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : ASA S KUMAR Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 13/06/2024

1. കേരള കർഷകതൊഴിലാളി ക്ഷേമനിധി ബോർഡ് തിരുവനന്തപുരം ജില്ലയിലെ വില്ലേജ് സിറ്റിങ്ങുകൾ 2024 ജൂൺ 29 വരെ വിവിധ സ്ഥലങ്ങളിൽ നടക്കും. 18 മുതൽ 55 വയസ്സ് വരെ പ്രായമുള്ളവർക്ക് പുതിയതായി അംഗത്വം എടുക്കാനും, അംഗങ്ങൾക്ക് അംശദായം അടയ്ക്കാനുമുള്ള അവസരം വില്ലേജ് സിറ്റിങ്ങിൽ ഉണ്ടാകും. രാവിലെ 10 മണി മുതൽ ആരംഭിക്കുന്ന സിറ്റിങ്ങിൽ പുതുതായി അംഗത്വം എടുക്കുന്നവർ ആധാർ, റേഷൻ കാർഡ്, ബാങ്ക് പാസ്ബുക്ക് എന്നിവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്, രേഖകളിൽ മേൽവിലാസം വ്യത്യാസം ഉണ്ടെങ്കിൽ വൺ ആൻഡ് സെയിം സർട്ടിഫിക്കറ്റ്, യൂണിയൻ സർട്ടിഫിക്കറ്റ്, 2 പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവ സഹിതം പങ്കെടുക്കണമെന്ന് ക്ഷേമനിധി ബോർഡ് ജില്ലാ എക്സിക്യൂട്ടിവ് ഓഫീസർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ -0471 2729175, 8075649049.

2. തിരുവനന്തപുരം ജില്ലയിലെ രാത്രി കാല അടിയന്തിര മൃഗചികിത്സാ സേവനം പദ്ധതിയുടെ ഭാഗമായി ഒഴിവുള്ള 6 ബ്ലോക്കുകളിലേക്ക് വെറ്ററിനറി സർജൻമാരെ താത്കാലികടിസ്ഥാനത്തിൽ തിരഞ്ഞെടുക്കുന്നതിനായി 15/6/2024 ന് ഉച്ചയ്ക്ക് 2 മണിക്കും, ജില്ലയിലെ മൊബൈൽ വെറ്ററിനറി യൂണിറ്റുകളുടെ അത്യാവശ്യ സർവീസ് നടത്തുന്നതിലേക്കായി വെറ്ററിനറി സർജൻമാരെ നിയമിക്കുന്നതിലേക്കായി 15/6/2024ന് രാവിലെ 11 മണിക്കും, വെറ്ററിനറി സർജൻമാരുടെ വാക്ക് ഇൻ ഇന്റർവ്യൂ, തമ്പാനൂർ എസ് എസ് കോവിൽ റോഡുള്ള, ജില്ലാ മൃഗസംരക്ഷണ ഓഫീസിൽ വെച്ച് നടത്തുന്നു. കേരള സ്റ്റേറ്റ് വെറ്ററിനറി കൗൺസിൽ രജിസ്ട്രേഷൻ ഉള്ള ഉദ്യോഗാർഥികൾക്ക് ഇന്റർവ്യൂവിൽ പങ്കെടുക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്കായി 04712330736 എന്ന നമ്പറിൽ

ബന്ധപെടാവുന്നതാണ്. ഇന്റർവ്യൂനു പങ്കെടുക്കുമ്പോൾ ബയോ ഡാറ്റയും സർട്ടിഫിക്കറ്റ് കളുടെ, അസ്സലും പകർപ്പുകളും, തിരിച്ചറിയൽ രേഖയും ഹാജരാക്കേണ്ടതാണ്.

3. മഞ്ചേരിയിൽ പ്രവർത്തിക്കുന്ന വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ കേരളയുടെ (വി.എഫ്.പി.സി.കെ) ജില്ലാ ഓഫീസിൽ ഗുണമേന്മയുള്ള പച്ചക്കറി വിത്തുകൾ, ഉത്പാദന ഉപാധികൾ, കൂൺ വിത്തുകൾ എന്നിവ ലഭിക്കുമെന്ന് വി.എഫ്.പി.സി.കെ ട്രെയിനിങ് റെവന്യൂ ജില്ലാ മാനേജർ അറിയിച്ചു. മണ്ണ്, വളങ്ങൾ എന്നിവ പരിശോധന നടത്തുന്നതിന് വി.എഫ്.പി.സി.കെ ലാബിൽ സൗകര്യമൊരുക്കിയിട്ടുണ്ടെന്നും ജില്ലാ മാനേജർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ - 0483 2768987, 9447984455.

4. കണ്ണൂർ മാപ്പിളബേ മത്സ്യഫെഡ് ചെമ്മിൽ വിത്തുൽപ്പാദന കേന്ദ്രത്തിൽ വനാമി ചെമ്മീൻകുഞ്ഞുങ്ങളുടെ ഉൽപ്പാദന ആവശ്യത്തിലേക്ക് ടെക്നിഷ്യനെ നിയമിക്കുന്നു. പ്രവൃത്തിപരിചയമുള്ള ടെക്നിഷ്യൻമാർ 2024 ജൂൺ 15നകം മാപ്പിളബേ ചെമ്മീൻ ഹാച്ചറിയിൽ അപേക്ഷ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 9526041127. വെബ്സൈറ്റ്: www.matsyafed.in.

5. തൃശൂർ ജില്ലയിലെ വിവിധ ബ്ലോക്കുകളിൽ മൃഗസംരക്ഷണ വകുപ്പിന് കീഴിൽ രാത്രികാലങ്ങളിൽ കർഷകന്റെ വിട്ടുപടിക്കൽ അത്യാഹിത മൃഗചികിത്സ സേവനം നൽകുന്നതിന് ഓരോ വെറ്ററിനറി സർജൻ, ഡ്രൈവർ കം അറ്റൻറൻഡ് എന്നിവരെ കരാറടിസ്ഥാനത്തിൽ നിയമിക്കുന്നു. കൂടാതെ പഴയന്നൂർ, മതിലകം മൊബൈൽ വെറ്ററിനറി യൂണിറ്റുകളിൽ ഓരോ പാരാവെറ്റിനേയും നിയമിക്കുന്നു. 90ൽ കുറഞ്ഞ ദിവസത്തേക്കായിരിക്കും നിയമനം. താൽപര്യമുള്ളവർ സിവിൽസ്റ്റേഷൻ രണ്ടാം നിലയിലുള്ള ജില്ലാ മൃഗസംരക്ഷണ ഓഫീസിൽ 2024 ജൂൺ 14ന് നടക്കുന്ന കൂടിക്കാഴ്ചയ്ക്ക് രേഖകൾ സഹിതം പങ്കെടുക്കണം. രാവിലെ 10.30 മുതൽ വെറ്ററിനറി

സർജൻ, പാരാവെറ്റ് ഒഴിവുകളിലേക്കും ഉച്ചയ്ക്ക് രണ്ടുമുതൽ ഡ്രൈവർ കം അറ്റൻഡ് തസ്തികയിലേക്കും അഭിമുഖം നടത്തും. കൂടുതൽ വിവരങ്ങൾക്ക് ഫോൺനമ്പർ 0487 2361216.

6. 75 ദിവസം പ്രായമായ ഗ്രാമ ശ്രീ ഇനം മുട്ടക്കോഴി കുഞ്ഞുങ്ങളെ ഈ മാസം 15ന് രാവിലെ ഒമ്പതു മുതൽ കോഴിക്കോട് ജില്ലാ വെറ്ററിനറി കേന്ദ്രപരിസരത്ത് വച്ച് 130 രൂപ നിരക്കിൽ വിതരണം ചെയ്യുന്നു.

7. കേരള കാർഷിക സർവകലാശാല ഇ-പഠന കേന്ദ്രം **"ഹൈടെക് കൃഷി"** എന്ന വിഷയത്തിൽ സൗജന്യ മാസീവ് ഓപ്പൺ ഓൺലൈൻ കോഴ്സ് (MOOC) സംഘടിപ്പിക്കുന്നു. രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി ജൂൺ 20. രജിസ്റ്റർ ചെയ്യുന്നതിനായി www.celkau.in എന്ന വെബ് സൈറ്റ് സന്ദർശിക്കുകയോ, celkau@gmail.in എന്ന ഇമെയിൽ വിലാസത്തിലോ 8547837256, 9497353389, 0487 2438567

8. കേരള കാർഷിക സർവകലാശാല സെന്റർ ഫോർ ഇ- ലേണിംഗ് **"Plant Propagation and Nursery Management"** എന്ന വിഷയത്തിൽ ആറുമാസത്തെ ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സ് ജൂൺ മാസം 24 മുതൽ ആരംഭിക്കുന്നു. രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി ജൂൺ 23. രജിസ്ട്രേഷന് www.celkau.in എന്ന വെബ്സൈറ്റ് മുഖേനയോ, celkau@gmail.com എന്ന ഇമെയിൽ വിലാസത്തിലോ ബന്ധപ്പെടുക .

9. റബ്ബർതോട്ടങ്ങളിൽ ഇടവിളകൾ കൃഷിചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ച് അറിയുന്നതിന് റബ്ബർബോർഡ് കോൾസെന്ററുമായി ബന്ധപ്പെടാം. ഇന്ത്യൻ

റബ്ബർഗവേഷണകേന്ദ്രത്തിലെ ശാസ്ത്രജ്ഞ ജൂൺ 14 -ാം തീയതി രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരുമണി വരെ കർഷകരുടെ ചോദ്യങ്ങൾക്കു മറുപടി പറയുന്നതാണ്. കോൾ സെന്റർ നമ്പർ : 0481 2576622.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം